പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## മുപ്പത്തിഒന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2009-2011)-യുടെ ഇടുക്കി ജില്ലാ സന്ദർശനം സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2015

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**മുപ്പത്തിഒന്നാമത് റിപ്പോർട്ട്**

(2015 ഡിസംബർ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2009-2011)-യുടെ ഇടുക്കി ജില്ലാ സന്ദർശനം സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

6/2016.

# ഉള്ളടക്കം


| | | | | പേജ് |
|---|---|---|---|---|
| സമിതിയുടെ ഘടന | | | .. | v |
| ആമുഖം | | | .. | vii |
| അദ്ധ്യായം I | : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |
| അദ്ധ്യായം III | : | ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചിട്ടില്ലാത്തവയും അനന്തര നടപടികൾ ആവശ്യമുള്ളവയും | .. | 12 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി

## (2014-2016)

**ഘടന**

അദ്ധ്യക്ഷൻ:

ശ്രീ. വി. പി. സജീന്ദ്രൻ

അംഗങ്ങൾ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 14-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 16.

# റിപ്പോർട്ട്

## അദ്ധ്യായം I

ഇടുക്കി ജില്ലയിലെ വിവിധ ആദിവാസി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ലഭിച്ച ഹർജികളിന്മേൽ മൂന്നാർ, മറയൂർ, ചിന്നക്കനാൽ, ഇടമലക്കുടി എന്നീ കോളനികൾ സന്ദർശിച്ച് തയ്യാറാക്കിയതായിരുന്നു, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2009-2011)-യുടെ നാലാമത് റിപ്പോർട്ട്. 2010 മാർച്ച് മാസം 22-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ട പ്രസ്തുത റിപ്പോർട്ടിൽ ഇടുക്കി ജില്ലയിലെ വിവിധ ആദിവാസി വിഭാഗങ്ങളുടെ സമഗ്രമായ പുരോഗതിക്കുതകുന്ന 9 ശിപാർശകളാണ് ഉൾക്കൊള്ളിച്ചിരുന്നത്.

2. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും അതു സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കുന്നതിനുമായി റിപ്പോർട്ടിന്റെ പകർപ്പുകൾ പട്ടികജാതി പട്ടികവർഗ്ഗ വികസനം, റവന്യൂ, തദ്ദേശസ്വയംഭരണം, വനം-വന്യജീവി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾക്ക് അയച്ച് കൊടുക്കുകയും ആയതിൻ പ്രകാരം വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 7-11-2012, 13-8-2014, 12-8-2015, 19-8-2015, 15-9-2015, 25-11-2015 എന്നീ തീയതികളിലെ യോഗങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2009-2011)-യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വികസനം, റവന്യൂ, തദ്ദേശസ്വയംഭരണം, വനം-വന്യജീവി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

4. സമിതി (2009-2011)-യുടെ നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 12-ലെ ശിപാർശയ്ക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 7-9-2015-ലെ 33814/എഫ്.ഡബ്ല്യു1/ 2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ആയതിന്മേൽ അതൃപ്തി രേഖപ്പെടുത്തുകയും ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിലേക്കായി ഇടുക്കി ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്ന് 25-11-2015-ൽ തെളിവെടുക്കുകയും ചെയ്തു. തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതിക്ക് ബോദ്ധ്യപ്പെട്ട കാര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടർശിപാർശ ഈ റിപ്പോർട്ടിന്റെ അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (2009-2011)യുടെ നാലാമത് റിപ്പോർട്ടിലെ ശിപാർശകൾ, ആയതിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, റവന്യൂ, വനം-വന്യജീവി, തദ്ദേശസ്വയംഭരണം, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയതും, സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്)

### ശിപാർശ നമ്പർ 1 ( ഖണ്ഡിക നമ്പർ 5)

ഊരു നിവാസികളെ അവരുടെ സാമൂഹ്യപിന്നോക്കാവസ്ഥ വിലയിരുത്തി അർഹതയ്ക്ക് അനുസൃതമായി ന്യായമായി ഉൾപ്പെടുത്താവുന്ന ഏതെങ്കിലുമൊരു പിന്നോക്ക ജാതിയിൽ ഉൾപ്പെടുത്തി ജാതി സർട്ടിഫിക്കറ്റ് എത്രയുംവേഗം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(4-8-2015-ലെ 1072/ജി1/2015/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വിവിധ വില്ലേജുകളിൽ "മലയൻ", "മലൈവേടൻ", "മലൈപണ്ടാരം" എന്നീ സമുദായാവകാശവാദമുന്നയിച്ച വിഭാഗങ്ങൾ ഒന്നുംതന്നെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരല്ലായെന്ന കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സംസ്ഥാന പിന്നോക്കവിഭാഗ വികസന കമ്മീഷൻ വിവിധ സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലും മറയൂർ, കാന്തല്ലൂർ, കീഴാന്തൂർ, കാരയൂർ എന്നീ വില്ലേജുകളിൽ പട്ടികവർഗ്ഗ സമുദായാവകാശവാദം ഉന്നയിച്ചവരെ "അഞ്ചുനാട് വെള്ളാളർ" (Anchunadu Vellalar) എന്ന് നാമകരണം ചെയ്ത് [G.O.(P) No. 89/10/SCSTDD dated 3-8-2012 പ്രകാരം] ടിയാളുകളെ 13-2-2012-ലെ G.O.(P) No. 26/12/SCSTDD നമ്പർ ഉത്തരവ് പ്രകാരം OBC ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

(ബി) റവന്യൂ വകുപ്പിന്റെ മറുപടി

(17-8-2015-ലെ 53882/റ്റി2/2014/ആർ.ഡി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടുക്കി ജില്ലയിലെ മറയൂർ, കാന്തല്ലൂർ, കാരയൂർ, കീഴാന്തൂർ എന്നീ പ്രദേശങ്ങളിലെ മലയൻ, മലൈവേടൻ, മലൈപണ്ടാരം എന്നീ ജാതികളിൽ ഉൾപ്പെട്ടവർക്ക് "അഞ്ചുനാട് വെള്ളാളർ" എന്ന് ജാതിപ്പേര് നൽകിക്കൊണ്ട് 3-8-2010-ലെ സ.ഉ. (കൈ) നമ്പർ 89/2010/പജ.പവ.വിവ. പ്രകാരവും ഈ വിഭാഗത്തെ ഒ.ബി.സി.യിൽ ഉൾപ്പെടുത്തിക്കൊണ്ട് 13-2-2012-ലെ സ.ഉ.(പി) നമ്പർ 26/12/പജ.പവ.വിവ. പ്രകാരവും സർക്കാർ ഉത്തരവായിരുന്നു. ഈ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ദേവികുളം താലൂക്ക് പരിധിയിലെ വില്ലേജുകളിലെ അപേക്ഷകർക്ക് വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്.

(19-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 2 ( ഖണ്ഡിക നമ്പർ 6)

മറയൂരിൽ 242 പേർക്ക് 1½ ഏക്കർ ഭൂമി വീതം പതിച്ചു നൽകിയെങ്കിലും അവരിൽ 34 പേർക്ക് കിട്ടിയ ഭൂമി വെറും പാറയായതിനാൽ കൃഷിയോഗ്യമായ വേറെസ്ഥലം ആവശ്യപ്പെട്ടിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇവർക്ക് കൃഷിയോഗ്യമായ സ്ഥലം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

റവന്യൂ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 54186/ആർ1/2015/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മറയൂരിൽ പുനരധിവാസ കോളനിയിൽ വാസയോഗ്യമല്ലാത്ത 34 പ്ലോട്ടുകൾക്ക് പകരമായി നൽകുന്നതിന് ടി കോളനിയുടെ അടുത്തുതന്നെ പകരം ഭൂമി കണ്ടെത്തുന്നതിന് ദേവികുളം തഹസിൽദാരെ ചുമതലപ്പെടുത്തിയിരുന്നു. ആദിവാസികൾക്ക് അനുവദിക്കുന്നതിന് വാസയോഗ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും ആയത് ഉടൻതന്നെ കണ്ടെത്തി മറുപടി സമർപ്പിക്കുന്നതാണെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റ്റി.ആർ.ഡി.എം. കോളനികളിൽ ഭൂമി സംബന്ധമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 20-3-2015-ൽ ദേവികുളം സബ്കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ കോടതിക്കേസ്, കയ്യേറ്റം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ദേവികുളം, ഉടുമ്പൻചോല തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പോലീസ് സഹായം തേടുന്നതിനും, കയ്യേറിയ ഭൂമിയിൽ കെട്ടിടങ്ങൾ പണിതിട്ടുണ്ടെങ്കിൽ അവയുടെ നമ്പർ റദ്ദ് ചെയ്യുന്നതിനും യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ പുനരധിവാസ കോളനികളിലായി പട്ടയം ലഭിച്ചിട്ടും ഭൂമി ലഭിക്കാത്ത 159 ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(19-8-2015-ലെ യോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 3 ( ഖണ്ഡിക നമ്പർ 7)

2002-ൽ ഭൂമി കാണാതെയും അളന്നതിട്ടപ്പെടുത്താതെയും ഭൂമി കൊടുത്തതിനാൽ പട്ടയം ലഭിച്ച ഭൂമിയിൽ കയറാൻ പറ്റാത്ത അവസ്ഥയാണ് ഇന്നുള്ളത്. ആയതിനാൽ പട്ടയം നൽകിയിട്ടുള്ളവർക്ക് ഭൂമിയും, ഭൂമി ലഭിച്ചിട്ടുള്ളവർക്ക് പട്ടയവും നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (എ) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(9-5-2011-ലെ 13233/സി1/2010/വനം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

4-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 7-ൽ പ്രതിപാദിച്ചിട്ടുള്ള ഭൂമി സംബന്ധമായ വിഷയം മറയൂർ ചന്ദന ഡിവിഷനിലെ 'എസ്.ആർ. 51' സാന്റൽ റിസർവ്വിലെ വനഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് 2002 വർഷത്തിൽ പതിച്ച് നൽകിയതുമായി ബന്ധപ്പെട്ടുള്ളതാണ്. ടി ഭൂമി ആദിവാസികൾക്ക് പതിച്ച് നൽകിയത് കേരള സംസ്ഥാന റവന്യൂ വകുപ്പാണ്. മറയൂർ ഡിവിഷന്റെ 'ഡ്രാഫ്റ്റ് വർക്കിംഗ് പ്ലാൻ' അനുസരിച്ച് ആകെ 103.06 ഹെക്ടർ സ്ഥലമാണ് പതിച്ച് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ചുള്ള മറ്റ് വിവരങ്ങളൊന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ മറയൂർ വില്ലേജ് ഓഫീസിൽ ടി വിഷയവുമായി ബന്ധപ്പെട്ടുള്ള രേഖകൾ പരിശോധിച്ചതിൽ 247 പ്ലോട്ടുകളായി ആകെ 149.929 ഹെക്ടർ ഭൂമി ആദിവാസികൾക്ക് പതിച്ചുനൽകിയിട്ടുള്ളതായി കാണുന്നു. പതിച്ചുനൽകപ്പെട്ട ഭൂമിയുടെ ആകെ വിസ്തൃതിയെ സംബന്ധിച്ച അവ്യക്തത പരിഹരിക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടറുടെ കാര്യാലയവുമായി ബന്ധപ്പെട്ടുവെങ്കിലും മേൽവിഷയവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും കോട്ടയം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പക്കൽ ആയതിനാൽ യഥാർത്ഥ വിസ്തൃതിയെ സംബന്ധിച്ച് വ്യക്തത വരുത്തുവാൻ സാധിച്ചിട്ടില്ല. ടി ഭൂമി വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാംതന്നെ റവന്യൂ വകുപ്പ് നടപ്പിലാക്കിയതിനാൽ ഇതിന്മേൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതും ടി വകുപ്പ് തന്നെയാണ്. വനം വകുപ്പിന് 12-ാം കേരള നിയമസഭ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2009-2011)-യുടെ 4-ാമത് റിപ്പോർട്ടിലെ 7-ാം നമ്പർ ഖണ്ഡികയിന്മേൽ നടപടികൾ ഒന്നുംതന്നെ സ്വീകരിക്കുവാൻ സാധിക്കുകയില്ലായെന്ന വിവരം അറിയിക്കുന്നു.

(7-11-2012-ലെ യോഗം അംഗീകരിച്ചു.)

(ബി) റവന്യൂ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 54186/ആർ1/2015/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

മറയൂരിൽ പുനരധിവാസ കോളനിയിൽ വാസയോഗ്യമല്ലാത്ത 34 പ്ലോട്ടുകൾക്ക് പകരമായി നൽകുന്നതിന് ടി കോളനിയുടെ അടുത്തുതന്നെ പകരം ഭൂമി കണ്ടെത്തുന്നതിന് ദേവികുളം തഹസിൽദാരെ ചുമതലപ്പെടുത്തിയിരുന്നു. ആദിവാസികൾക്ക് അനുവദിക്കുന്നതിന് വാസയോഗ്യമായ സ്ഥലം കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും ആയത് ഉടൻതന്നെ കണ്ടെത്തി മറുപടി സമർപ്പിക്കുന്നതാണെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റ്റി.ആർ.ഡി.എം. കോളനികളിൽ ഭൂമി സംബന്ധമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 20-3-2015-ൽ ദേവികുളം സബ്കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ കോടതിക്കേസ്, കയ്യേറ്റം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ദേവികുളം, ഉടുമ്പൻചോല തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് പോലീസ് സഹായം തേടുന്നതിനും, കയ്യേറിയ ഭൂമിയിൽ കെട്ടിടങ്ങൾ പണിതിട്ടുണ്ടെങ്കിൽ അവയുടെ നമ്പർ റദ്ദ് ചെയ്യുന്നതിനും യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ പുനരധിവാസ കോളനികളിലായി പട്ടയം ലഭിച്ചിട്ടും ഭൂമി ലഭിക്കാത്ത 159 ഗുണഭോക്താക്കൾക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(19-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 8)

ആദിവാസികൾക്ക് അനുവദിച്ച 62 വീടുകളുടെ പണി ഇനിയും തീർന്നിട്ടില്ലെന്ന വസ്തുതയും സമിതി മനസ്സിലാക്കുന്നു. 'നിർമ്മിതി'യെയാണ് പണി ഏൽപ്പിച്ചതെന്നും അവർ പണി താമസിപ്പിക്കുകയാണുണ്ടായതെന്നും 143 വീടുകളുടെ പണി തീർന്ന് താക്കോൽ കൈമാറിയെങ്കിലും അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണത്തിന് അനുവദിച്ചിരുന്ന തുക തുലോം കുറവായതിനാൽ നിർമ്മിതികേന്ദ്രം പണി അവസാനിപ്പിച്ച് പോയതിനാൽ എർത്ത് വർക്കുപോലും ചെയ്യാതെ പണി പലഘട്ടങ്ങളിലാണ് നിൽക്കുന്നത്. ആകയാൽ കളക്ടറും സബ്കളക്ടറും മുൻകൈ എടുത്ത് സമയബന്ധിതമായി പണിപൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഈ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(11-8-2015-ലെ 1125/ഇ 1/15/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

മറയൂരിൽ ആദിവാസികൾക്കായി അനുവദിച്ച 'നിർമ്മിതി'യെ നിർമ്മാണ ചുമതല ഏൽപ്പിച്ചിരുന്ന 205 വീടുകളിൽ നിർമ്മാണം പൂർത്തിയാക്കിയ 143 വീടുകൾ കഴിച്ചുള്ള 62 വീടുകൾ പിന്നീട് ഗുണഭോക്താക്കൾ നേരിട്ട് നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിരുന്നു. ഇതിൽ 45 വീടുകളുടെ നിർമ്മാണം പൂർത്തിയായി. ശേഷിക്കുന്നതിൽ 17-ൽ 11 വീടുകളുടെ നിർമ്മാണം മേൽക്കൂര ഘട്ടംവരെയും 4 വീടുകൾ തറ നിർമ്മാണംവരെയും പൂർത്തിയായിട്ടുണ്ട്. ഗുണഭോക്താക്കൾ താല്പര്യക്കുറവ് പ്രകടിപ്പിച്ചതിനാൽ 2 വീടുകളുടെ നിർമ്മാണം ഇതേവരെ ആരംഭിച്ചിട്ടില്ല. റ്റി.ആർ.ഡി.എം. സൈറ്റ് മാനേജരുടെ മേൽനോട്ടത്തിൽ ഗുണഭോക്താക്കൾ നേരിട്ട് നിർമ്മിക്കുന്ന വീടുകളുടെ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

ഈ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 10)</u>

ഇടമലക്കുടിയിലേക്ക് പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ വനത്തിലൂടെ ജീപ്പ് പോകത്തക്കരീതിയിൽ ഒരു റോഡ് നിർമ്മിക്കണമെന്നും എത്രയും വേഗം പ്രസ്തുത റോഡുപണി പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>വനം-വന്യജീവി വകുപ്പിന്റെ മറുപടി</u>

(5-7-2011-ലെ 13244/ഡി1/2010/വനം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടമലക്കുടി ഭാഗത്തെ വിവിധ ആദിവാസി കുടികളിലേക്കുള്ള റോഡ് നിർമ്മാണത്തിന് വനാവകാശ നിയമത്തിന് വിധേയമായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ എൻ.ആർ.ഇ.ജി. പദ്ധതിയിൽ ഉൾപ്പെടുത്തി 8 കി.മീ. ദൂരത്തിൽ പെട്ടിമുടി, പുല്ലുമേട് ഭാഗത്തുനിന്ന് ഇഡ്ഡലിപ്പാറവഴി ജീപ്പ് റോഡ് നിർമ്മാണത്തിന് മൂന്നാർ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. ആയത് മൂന്നാർ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വനം വകുപ്പിന്റേയും ഇടമലക്കുടി ആദിവാസി വനസംരക്ഷണ സമിതിയുടേയും സംയുക്തസഹകരണത്തോടെ ഉദ്ദേശം 4 കി.മീ. ദൂരത്തിൽ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7-11-2012-ലെ യോഗം അംഗീകരിച്ചു.)

(ബി) (i) <u>തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി</u>

(18-4-2013-ലെ 71172/ഡിഎ 3/2010/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

ഇടമലക്കുടി ഗ്രാമപഞ്ചായത്ത് രൂപീകരണത്തിനുശേഷം 2011 ഒക്ടോബർ മാസം മുതൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തിലേക്കുള്ള വനത്തിലൂടെ നിർമ്മിക്കുന്ന മൺപാതയുടെ നിർമ്മാണം പുനരാരംഭിക്കുകയും 2011-12 സാമ്പത്തിക വർഷം ടി ഇനത്തിൽ MNREGS പദ്ധതി പ്രകാരം 23,00,000 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ടെന്നും ആകെ 24 കി.മീ. ദൂരമുള്ള റോഡിന്റെ 19 കി.മീ. നീളത്തിലുള്ള മൺവേലകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും 5 കി.മീ. നീളം കൂടി പൂർത്തീകരിച്ചാൽ ഗ്രാമപഞ്ചായത്ത് ആസ്ഥാനമായ സൊസൈറ്റിക്കുടിയിൽ എത്തിച്ചേരാൻ കഴിയുമെന്നും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തികച്ചും വനപ്രദേശത്തിനുള്ളിലൂടെ കടന്നുപോകുന്ന ടി പാതയുടെ നിർമ്മാണം വനം വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും വനം വകുപ്പിന്റെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും രേഖാമൂലം അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസറെയും റേഞ്ച് ഓഫീസറെയും ബോധ്യപ്പെടുത്തിയതിനുശേഷമാണ് നിർമ്മാണം നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ടി റോഡിന്റെ ഉപരിതല വികസനത്തിനും ഓടനിർമ്മാണത്തിനും റോഡ് സംരക്ഷണത്തിനുമായി 2012-13 സാമ്പത്തിക വർഷം 30,00,000 രൂപയെങ്കിലും നീക്കിവച്ച് പദ്ധതി തയ്യാറാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി ലക്ഷ്യമിട്ടിട്ടുണ്ട്.

ടി റോഡിന്റെ ഇഡ്ഡലിപ്പാറക്കുടിക്ക് സമീപമുള്ള പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം ചർച്ചകളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നിർവ്വഹണം നടത്താം എന്ന് ധാരണ ഉണ്ടായെങ്കിലും പാലത്തിന്റെ നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നുള്ള വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പാലം നിർമ്മാണം പൂർത്തീകരിച്ച് പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യാൻ പട്ടികവർഗ്ഗ വികസന വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

ഇടമലക്കുടിയിലെ ടി റോഡിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിച്ച് സമിതിക്ക് അന്തിമ മറുപടി സമർപ്പിക്കുന്നതാണെന്ന വിവരം സമിതിയെ അറിയിക്കുന്നു.

(ബി) (ii) തദ്ദേശസ്വയംഭരണ വകുപ്പിന്റെ അന്തിമ മറുപടി

(17-8-2015-ലെ 71172/ഡിഎ 3/10/തസ്വഭവ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

2010 നവംബർ 1-ന് രൂപംകൊണ്ട ഇടമലക്കുടി ഗ്രാമപഞ്ചായത്തിലേക്കുള്ള പ്രവേശനകവാടമായ പെട്ടിമുടിയിൽ നിന്നും ആദ്യത്തെ കുടിയായ ഇഡ്ഡലിപ്പാറക്കുടിയിലേക്കുള്ള 7.2 കി.മീ. ദൂരം 2011-12 സാമ്പത്തിക വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിൽപ്പെടുത്തി 23,00,000 രൂപ വകയിരുത്തി റോഡിന്റെ മൺപണി പൂർത്തിയാക്കിയിട്ടുണ്ട്. ഇടമലക്കുടി പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചിട്ടുള്ള 10.35 കോടി രൂപ വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. വനം വകുപ്പ് ഇഡ്ഡലിപ്പാറക്കുടി വരെയുള്ള റോഡിൽ പെട്ടിമുടിയിൽ നിന്നും ഏകദേശം 1 കി.മീ. ദൂരത്തിൽ കരിങ്കല്ല് പാകി സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. എന്നിരുന്നാലും കാലവർഷസമയങ്ങളിൽ പലഭാഗത്തും മണ്ണിടിച്ചിൽമൂലം സഞ്ചാരം അസാദ്ധ്യമാകുന്ന അവസ്ഥയും ഉണ്ടാകാറുണ്ട്. വേനൽക്കാലസമയത്ത് ഫ്രണ്ട് വീൽ ജീപ്പ് ആദ്യകുടിയായ ഇഡ്ഡലിപ്പാറക്കുടിവരെ സർവ്വീസ് നടത്തിവരുന്നു. പഞ്ചായത്തിന്റെ ആസ്ഥാനമായ സൊസൈറ്റിക്കുടിയിലേക്ക് ഇഡ്ഡലിപ്പാറക്കുടിയിൽ നിന്നും സഞ്ചാരയോഗ്യമായ പാതയില്ല. ഏകദേശം 1 മണിക്കൂർ കാൽനടയായി കാനനപാതയിലൂടെ മാത്രമേ സൊസൈറ്റികുടിയിൽ എത്താൻ കഴിയൂ. ഇഡ്ഡലിപ്പാറയിൽ നിന്നും ഏറ്റവും കുറഞ്ഞത് സൊസൈറ്റികുടി വരെയെങ്കിലും വാഹനഗതാഗതയോഗ്യമായ റോഡ് നിർമ്മിച്ചെങ്കിൽ മാത്രമേ ഇടമലക്കുടിയിൽ വികസനം എത്തിക്കുവാൻ കഴിയുകയുള്ളൂ. ഇതിന് വനം വകുപ്പിൽ നിന്നുമാണ് നടപടി സ്വീകരിക്കേണ്ടതെന്ന വിവരം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇഡ്ഡലിപ്പാറക്കുടിക്ക് സമീപമുള്ള പുഴയ്ക്ക് കുറുകെയുള്ള പാലത്തിന്റെ നിർമ്മാണം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നടത്താം എന്ന ധാരണ ആയിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

(19-8-2015-ലെ യോഗം അംഗീകരിച്ചു.)

ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 11)

മോഡൽ റസിഡൻഷ്യൽ സ്കൂൾ എത്രയുംവേഗം സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കണമെന്ന് സമിതി വീണ്ടും ശിപാർശ ചെയ്യുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(25-8-2012-ലെ 21659/ബി1/2012/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും പഠിക്കാൻ സമർത്ഥരുമായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനായാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചത്. ഇത്തരം സ്കൂളുകൾ, വളർച്ച പ്രാപിച്ച ടൗണുകളിൽ സ്ഥാപിച്ച് പ്രവർത്തനമികവുള്ള അദ്ധ്യാപകരെ നിയോഗിച്ച കാര്യക്ഷമതയോടുകൂടി പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ നിർവ്വഹിച്ചാൽ മാത്രമേ അക്കാദമിക് മികവുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിന് ഉപകരിക്കുകയുള്ളൂ.

ഇടുക്കി ജില്ലയിലെ മൂന്നാറിലെ ഇടമലക്കുടി യാതൊരു യാത്രാസൗകര്യവുമില്ലാത്ത പട്ടികവർഗ്ഗ ആവാസകേന്ദ്രമാണ്. പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതുമൂലം നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുംവിധം അദ്ധ്യാപകരെ ലഭിക്കുകയോ മികച്ച രീതിയിൽ പഠന-പഠനാനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയുകയോ ഇല്ല. ഇടുക്കി ജില്ലയിൽ തന്നെ മൂന്നാർ, പൈനാവ് എന്നിവിടങ്ങളിൽ പട്ടികവർഗ്ഗ വകുപ്പിനു കീഴിലും എറണാകുളം ജില്ലയിലെ ആലുവയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇടമലക്കുടിയിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ സ്കൂളുകളിൽ നിലവിൽ പ്രവേശനം ലഭിച്ചുവരുന്നുണ്ട്. മേൽസാഹചര്യങ്ങളിൽ ഇടമലക്കുടിയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതു പ്രായോഗികബുദ്ധിമുട്ടുള്ള കാര്യമാണെന്ന വിവരം നിയമസഭാ സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

(7-11-2012-ലെ യോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 15)

ആന, പുലി, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി ഫെൻസിംഗ് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഒന്നിനുംകൊള്ളാത്ത പാറമലകൾക്കുപകരം ആദിവാസികൾക്ക് താമസയോഗ്യമായ സ്ഥലം അനുവദിച്ചു നൽകണമെന്ന് റവന്യൂ, വനം, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളോട് സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(11-8-2015-ലെ 15692/ഡി1/2015/പജ.പവ.വിവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വനവൽക്കരണത്തിനുള്ള ഭൂമി ആദിവാസികൾക്ക് നൽകി പ്രസ്തുത ഭൂമിയിൽ വനവൽക്കരണം നടത്തുന്നത് ഉചിതമായിരിക്കുമെന്ന സമിതിയുടെ ശിപാർശയിൽ വനം വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. ആന, പുലി, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളിൽ നിന്നും പട്ടികവർഗ്ഗക്കാരുടെ കൃഷിസ്ഥലങ്ങളും വാസസ്ഥലങ്ങളും സംരക്ഷിക്കുന്നതിനായി 80 ഏക്കർ, പന്തടിക്കളം, മറയൂർ എന്നീ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. വാസയോഗ്യമല്ലാത്ത ഭൂമി ലഭ്യമായിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം വാസയോഗ്യമായ ഭൂമി കണ്ടെത്തി വിതരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(12-8-2015-ലെ യോഗം അംഗീകരിച്ചു.)

(ബി) റവന്യൂ വകുപ്പിന്റെ മറുപടി

(18-8-2015-ലെ 54186/ആർ1/2015/റവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വനവൽക്കരണം സംബന്ധിച്ച് സമിതിയുടെ അഭിപ്രായം പരിഗണനാർഹമാണ്. ആന, പുലി, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനായി ഫെൻസിംഗ് നടത്തുന്നതിനായി ഐ.റ്റി.ഡി.പി. പ്രൊപ്പോസൽ സമർപ്പിക്കുമെന്ന് ഇടുക്കി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണത്തിനായി വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തണമെന്ന് തഹസിൽദാർമാർക്ക് ജില്ലാ കളക്ടർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(19-8-2015-ലെ യോഗം അംഗീകരിച്ചു.)

(സി) വനം-വന്യജീവി വകുപ്പിന്റെ മറുപടി

(11-9-2015-ലെ 9214/ഡി1/2015/വനം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

വനവൽക്കരണത്തിനുള്ള ഭൂമി ആദിവാസികൾക്ക് നൽകിയിട്ട് പ്രസ്തുത ഭൂമിയിൽ വനവൽക്കരണം നടത്തുന്നതായിരിക്കും ഉചിതമെന്ന സമിതിയുടെ അഭിപ്രായം പ്രാവർത്തികമാക്കാവുന്നതാണ്. വന്യമൃഗങ്ങളിൽ നിന്നും സംരക്ഷണത്തിനായി വൈദ്യുതിവേലി നിർമ്മിക്കുന്നതും പ്രായോഗികമാണ്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളുടെ സെറ്റിൽമെന്റുകൾ ഉൾപ്പെടെ വനാതിർത്തിയിൽ വൈദ്യുതിവേലി നിർമ്മിക്കുന്നത് മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് നടപ്പാക്കുന്ന മുഖ്യ പദ്ധതിയാണ്. ഇതിനോടകം 707 കിലോമീറ്റർ നീളത്തിൽ വൈദ്യുതി കമ്പിവേലി നിർമ്മിച്ചിട്ടുണ്ട്.

ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കണ്ടെത്തി പതിച്ചുനൽകുന്നത് റവന്യൂ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പുമാണ്. ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി 7693.2257 ഹെക്ടർ നിക്ഷിപ്ത വനം കൈമാറുന്നതിന് കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽപ്പെട്ട 1549.16 ഹെക്ടർ വനഭൂമി ഇതിനോടകം റവന്യൂ വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഈ ഭൂമി വാസയോഗ്യമാണ്. 7693.2257 ഹെക്ടറിൽ ഇനിയും വിതരണം ചെയ്യാൻ അവശേഷിക്കുന്ന ഭൂമി റവന്യൂ, പട്ടികവർഗ്ഗ വികസനം, വനം വകുപ്പുകൾ ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് 20-12-2014 തീയതിയിലെ (എംഎസ്.) നമ്പർ 97/14/പജ.പവ.വിവ. സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സംയുക്ത പരിശോധനയിൽ വാസയോഗ്യമെന്നു കണ്ടെത്തുന്ന ഭൂമി മാത്രമേ വിതരണം ചെയ്യുകയുള്ളൂ.

(15-9-2015-ലെ യോഗം അംഗീകരിച്ചു.)

## ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 16)

വനം കാത്തുസൂക്ഷിക്കുവാനും വനവിഭവങ്ങളായ നെല്ലിക്ക, തേൻ, വിറക് തുടങ്ങിയവ ശേഖരിക്കാനും ആദിവാസികളെ അനുവദിക്കണമെന്നും രാത്രികാലങ്ങളിൽ ആദിവാസി ഊരുകളിൽ കയറി വനപാലകർ സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കുന്ന പ്രവണത ഒഴിവാക്കണമെന്നും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിന് ആദിവാസികളുടെ ഇടയിൽ ബോധവൽക്കരണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## വനം-വന്യജീവി വകുപ്പിന്റെ മറുപടി

(27-11-2012-ലെ 13258/ഇ 1/2010/വനം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയത്)

വണ്ണാന്തറ ആദിവാസി കോളനിയിൽ രാത്രികാലങ്ങളിൽ വനം വകുപ്പ് ജീവനക്കാർ ആദിവാസി ഊരുകളിൽ കയറി സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കുന്നുവെന്ന ആരോപണം വാസ്തവവിരുദ്ധമാണ്. ചന്ദനമോഷണവുമായി ബന്ധപ്പെട്ട പ്രതികളെ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. ടി കുടിയിലെ ആദിവാസികൾക്ക് വനത്തിനുള്ളിൽ പ്രവേശിക്കുന്നതിനോ നെല്ലിക്ക, തേൻ, വിറക് ഉൾപ്പെടെയുള്ള വനവിഭവങ്ങൾ യഥേഷ്ടം ശേഖരിക്കുന്നതിനോ യാതൊരുവിധ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. വനം വകുപ്പ് ജീവനക്കാരും കുടിയിലെ താമസക്കാരുമായി നല്ല ബന്ധമാണ് നിലനിൽക്കുന്നത്. കൂടാതെ, നിരന്തര സമ്പർക്കവും ഉപദേശവും ബോധവൽക്കരണവും നിമിത്തം ഒരളവുവരെ ചന്ദനമോഷണം തടയുന്നതിനും കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും വനം വകുപ്പ് ജീവനക്കാർക്ക് കഴിഞ്ഞിട്ടുണ്ട്.

(13-8-2014-ലെ യോഗം അംഗീകരിച്ചു.)

## അദ്ധ്യായം III

# റിപ്പോർട്ടിലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം, സമിതിയുടെ തുടർശിപാർശ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 12)

1989-ൽ ഇടമലക്കുടിയിൽ പി.എച്ച്.സി. അനുവദിച്ചുകിട്ടിയെങ്കിലും കെട്ടിടം ഇല്ലാത്തതിനാൽ ഇത് ആരംഭിച്ചിട്ടില്ലെന്നും സെന്ററിനായി അനുവദിച്ച തസ്തിക 2007-ലെ ഗവൺമെന്റ് ഉത്തരവിലൂടെ ബിൽഡിംഗുള്ള സെന്ററിലേക്ക് മാറ്റിയതിനാൽ നിലവിൽ തസ്തികകൾ ഇല്ലെന്നും സമിതി മനസ്സിലാക്കുന്നു. ആവശ്യമായ ഒരു ഏക്കർ സ്ഥലമെങ്കിലും കണ്ടെത്താൻ ഗ്രാമപഞ്ചായത്ത് മുൻകയ്യെടുക്കണം. സ്ഥലം എം.എൽ.എ.യും കൂടാതെ പഞ്ചായത്ത്, ഫോറസ്റ്റ്, റവന്യൂ, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി യോഗം വിളിച്ച് പി.എച്ച്. സെന്റർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ജൂനിയർ ഹെൽത്ത് നേഴ്സിന്റെ തസ്തിക ഉൾപ്പെടെ ആവശ്യമായ തസ്തികകൾ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി

(7-9-2015-ലെ 33814/എഫ്.ഡബ്ല്യു1/2014/ആകുവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

24-10-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 424/2013/ആ.കു.വ. പ്രകാരം ഇടമലക്കുടിയിൽ പബ്ലിക് ഹെൽത്ത് സെന്റർ അനുവദിക്കാനും 8 ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാനും ഉത്തരവായിരുന്നു. നിലവിൽ ദേവികുളം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നുമുള്ള ഫീൽഡ് സ്റ്റാഫ് ഇടമലക്കുടിയിൽ ഫീൽഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പബ്ലിക് ഹെൽത്ത് സെന്റർ തുടങ്ങുന്നതിനുവേണ്ടി സ്ഥലവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിന് പഞ്ചായത്തുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ, ഇടമലക്കുടിയിൽ അനുവദിച്ച പബ്ലിക് ഹെൽത്ത് സെന്റർ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ മേൽപ്പറഞ്ഞ റിപ്പോർട്ട് 15-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും ഇടമലക്കുടിയിൽ പി.എച്ച്.സി. തുടങ്ങുന്നതിനായി സർക്കാർ ഉത്തരവ് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പി.എച്ച്.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും പ്രസ്തുത വിഷയം സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടർ, പഞ്ചായത്ത് സെക്രട്ടറി, ജില്ലാ മെഡിക്കൽ ഓഫീസർ എന്നീ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തു.

അതിൻപ്രകാരം, 25-11-2015-ൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തദവസരത്തിൽ, പി.എച്ച്.സി. ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയെങ്കിലും വനം വകുപ്പിൽനിന്ന് ഭൂമി വിട്ടുകിട്ടാത്തതുമൂലം പി.എച്ച്.സി.ക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കെട്ടിടനിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാണെന്നും വനം വകുപ്പിന്റെ ഭൂമി പി.എച്ച്.സി.ക്ക് അനുവദിക്കുന്നതിന് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന ഡി.എഫ്.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഇടുക്കി ജില്ലാ കളക്ടർ സമിതിയെ അറിയിച്ചു. പദ്ധതിക്കായി ഒരു ഹെക്ടർ ഭൂമിക്കുവേണ്ടിയുള്ള നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ, സ്ഥലം കണ്ടെത്തിയിട്ടില്ലെന്ന് ഇടമലക്കുടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു. പി.എച്ച്.സി.ക്കായി നിർദ്ദേശം ചെയ്തിരിക്കുന്ന സ്ഥലം ആദിവാസികളുടെ കൃഷിസ്ഥലമാണെന്നും ആയത് സർവ്വേ ചെയ്ത് കൊടുത്തിട്ടില്ലെന്നും ഔദ്യോഗികമായി അപേക്ഷിക്കുമ്പോൾ അപേക്ഷാ ഫോറത്തിലെ കോളത്തിൽ സർവ്വേ നമ്പർ എഴുതേണ്ടതായിട്ടുണ്ടെന്നും എന്നാൽ സർവ്വേ നമ്പരിന്റെ കാര്യത്തിൽ വ്യക്തത ഉണ്ടായിട്ടില്ലെന്നും പ്രസ്തുത സ്ഥലം പൂർണ്ണമായും ആദിവാസികളുടെ അധീനതയിലായതിനാൽ അവിടെനിന്ന് ഒരു ഹെക്ടർ സ്ഥലം ലഭിക്കണമെങ്കിൽ ഊരുക്കൂട്ടത്തിന്റെ അനുമതി ആവശ്യമാണെന്നും മൂന്നാർ ഡി.എഫ്.ഒ. സമിതിയെ അറിയിക്കുകയുണ്ടായി.

വനാവകാശ സംരക്ഷണ നിയമം അനുസരിച്ച് മാത്രമേ വനഭൂമി വിട്ടുകിട്ടുകയുള്ളുവെന്നും ഇടമലക്കുടി പി.എച്ച്.സി.യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് വനാവകാശ സംരക്ഷണ നിയമം അനുസരിച്ച് അപേക്ഷ നൽകിയിട്ടില്ലെന്നും അതുകൊണ്ടുതന്നെ അപേക്ഷ പ്രോസസ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നും വനാവകാശ സംരക്ഷണ നിയമത്തിനനുസരിച്ച് പ്രൊപ്പോസൽ നൽകിയാൽ, ഡി.എഫ്.ഒ.ക്ക് നിർദ്ദേശം നൽകി ഒരു മാസത്തിനുള്ളിൽ സ്ഥലം വിട്ടുനൽകാൻ കഴിയുമെന്ന് പി.സി.സി.എഫുമായി നടത്തിയ മീറ്റിംഗിനെ തുടർന്ന് ഉറപ്പ് ലഭിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

ഇടമലക്കുടിയിൽ പി.എച്ച്.സി. അനുവദിക്കാനും 8 ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാനും 24-10-2013-ലെ സ.ഉ.(എംഎസ്.) നമ്പർ 424/2013/ആകവ. കത്ത് പ്രകാരം ഉത്തരവ് ആയെങ്കിലും പബ്ലിക് ഹെൽത്ത് സെന്റർ തുടങ്ങുന്നതിന് സ്ഥലവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിന് സാധിച്ചിട്ടില്ലെന്നത് സമിതി ഗൗരവമായി കാണുന്നു. നിർദ്ദിഷ്ട സ്ഥലത്ത് പി.എച്ച്.സി. തുടങ്ങുന്നതിന് സ്ഥലത്തുള്ള ഊരുക്കൂട്ടങ്ങളുടെ അനുമതി, വനാവകാശനിയമ പ്രകാരം അപേക്ഷ എന്നിങ്ങനെയുള്ള

നടപടിക്രമങ്ങൾ പാലിച്ച് പി.എച്ച്.സി. തുടങ്ങുന്നതിന് തദ്ദേശസ്വയംഭരണം, വനം-വന്യജീവി, ആരോഗ്യ കുടുംബക്ഷേമം എന്നീ വകുപ്പുകളുടെ ഏകോപിച്ചിട്ടുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ഇടമലക്കുടിയിൽ പി.എച്ച്.സി.ക്കായി സ്ഥലം കണ്ടെത്തുന്നതിന്റെ ഭാഗമായി ഊരുകൂട്ടങ്ങളുടെ അനുമതി വാങ്ങുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി, ഇടമലക്കുടിയിൽ പി.എച്ച്.സി. തുറന്നു പ്രവർത്തിപ്പിക്കണമെന്നും ഇതു സംബന്ധിച്ച അന്തിമ മറുപടി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വി. പി. സജീന്ദ്രൻ,

*അദ്ധ്യക്ഷൻ,*

*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 14.